**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ സ്ത്രീകളുടെ പരിചരണം ഉറപ്പാക്കൽ പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീമതി യു പ്രതിഭ</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പട്ടികവർഗ സ്ത്രീകൾക്ക് ഗർഭാവസ്ഥയിലും പ്രസവശേഷവും ആവശ്യമായ പരിചരണം ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;</td><td>(എ)</td><td>ഉണ്ട്. പട്ടികവർഗ്ഗക്കാരായ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 'ജനനി ജന്മ രക്ഷ' പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഗർഭാവസ്ഥയുടെ മൂന്നുമാസം മുതൽ കുട്ടിക്ക് ഒരു വയസ് പൂർത്തിയാകുന്നതുവരെ 18 മാസത്തേക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു.<br><br>കൂടാതെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനായി 'ഊരിന്റെ താരാട്ട്' എന്ന പദ്ധതി അട്ടപ്പാടി മേഖലയിൽ നടപ്പിലാക്കിവരുന്നു.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി അനുസരിച്ച് സഹായധനം ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;</td><td>(ബി)</td><td>ഉണ്ട്. ഈ സർക്കാരിന്റെ കാലത്ത് 'ജനനി ജന്മ രക്ഷ' പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ചെലവഴിച്ച തുക (ലക്ഷത്തിൽ)</th></tr>
<tr><td>2021-22</td><td>2649.98</td></tr>
<tr><td>2022-23</td><td>1646.20</td></tr>
<tr><td>2023-24</td><td>1173.95</td></tr>
<tr><td>2024-25 (നാളിതുവരെ)</td><td>1597.99</td></tr>
</table></td></tr>
<tr><td>(സി)</td><td>പട്ടികവർഗ യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ?</td><td>(സി)</td><td>ഉണ്ട്. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികവർഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 1.5 ലക്ഷം രൂപ അനുവദിക്കുന്ന വിവാഹ ധനസഹായ പദ്ധതി നിലവിലുണ്ട്. മാതാപിതാക്കൾ മരണപ്പെട്ട</td></tr>
</table>

| | | | |
|---|---|---|---|
| | | | **പോയ പെൺകുട്ടികൾക്ക് 2 ലക്ഷം രൂപയാണ് ധനസഹായമായി നൽകി വരുന്നത്.** |

സെക്ഷൻ ഓഫീസർ